## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1661 — 25-03-2013-ന് മറുപടി നൽകേണ്ടത്

**പെട്രോളിയം ഉല്പന്നങ്ങളുടെയും വളങ്ങളുടെയും വില നിയന്ത്രണം**

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
ശ്രീ. എ. പ്രദീപ് കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
പ്രൊഫ. കെ.വി. വിജയദാസ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പെട്രോളിയം ഉല്പന്നങ്ങളുടെയും വളങ്ങളുടെയും വിലനിയന്ത്രണം എടുത്ത് കളഞ്ഞതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വിവിധ നയ സമീപനങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് ഘടനയേയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണെന്ന് പരിശോധിച്ചിട്ടുണ്ടോ: | (എ) | സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങൾ വിവിധ വകുപ്പുകളിൽ പരിശോധനാ വിധേയമാക്കുന്നുണ്ട് |
| (ബി) | ഇതിന്റെ പ്രത്യാഘാതങ്ങൾ നാൾക്കു നാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യു.പി.എ. സർക്കാർ പിന്തുടർന്നു വരുന്ന നയങ്ങളിൽ മാറ്റം വരുത്തിക്കാൻ, സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങൾ വഴി എന്തെങ്കിലും ശ്രമം നടത്താനുദ്ദേശിക്കുന്നുണ്ടോ : | (ബി) | കേരളത്തിന്റെ ആവശ്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്നും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും 19-02-2013-ലും 04-03-2013-ലും സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ യോഗം വിളിച്ചുകൂട്ടുകയും അവിടെ ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളുംകൂടെ പരിഗണിച്ച് മാർച്ച് 4, 5 തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ കേന്ദ്ര മന്ത്രിമാരെ നേരിൽകണ്ട് നിവേദനം നൽകുകയും കേന്ദ്രത്തിലെ വിവിധ വകുപ്പുകളിൽനിന്ന് അനുകൂല നിലപാട് എടുപ്പിക്കാനും കഴിഞ്ഞിട്ടുണ്ട് |
| (സി) | ഈ വിഷയത്തിൽ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ: ചർച്ചയിൽ എന്തെങ്കിലും ഉറപ്പ് ഏതെങ്കിലും കാര്യത്തിൽ ലഭിക്കുകയുണ്ടായോ: വിശദമാക്കാമോ ? | (സി) | ബഹു. മുഖ്യമന്ത്രി 13-03-2013-ൽ പ്രധാന മന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തുകയും മറ്റു വിഷയങ്ങളോടൊപ്പം ഡീസൽ ഉപഭോക്താക്കളിലെ ബൾക്ക് കൺസ്യൂമേഴ്സിന് ഏർപ്പെടുത്തിയ വില വർദ്ധനവ് പുനഃപരിശോധിക്കണമെന്നും പ്രധാന മന്ത്രി അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**